Website

"ഭരണഭാഷ - മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, കെ.എസ്.എച്ച്.ബി,
ശാന്തിനഗർ, തിരുവനന്തപുരം-1.
തീയതി: 09.04.2015

നമ്പർ: ഇ2/11045/15

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2015-16-87 മോഡേണൈസേഷൻ ഉപകരണ സംഭരണം- ശുപാർശ അയയ്ക്കുന്നത്- സംബന്ധിച്ച്.

***************

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി ഇനിയും ആവശ്യമുള്ള സാധന സാമഗ്രികൾ സംഭരിക്കുന്നതിന് "2230-03-101-87- Modernisation of ITIs-34-OC 3 other items (Plan) 2015-2016" എന്ന ശീർഷകത്തിൽ അഫിലിയേഷൻ നേടിയെടുക്കുന്നതിനുവേണ്ടി 5 കോടി രൂപയും റീ- അഫിലിയേഷൻ നേടിയെടുക്കുന്നതിനുവേണ്ടി 15 കോടി രൂപയും ഉൾപ്പെടെ 20 കോടി രൂപ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ താങ്കളുടെ സ്ഥാപനത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള ട്രേഡുകളിലും നിലവിലുള്ള ട്രേഡുകളിലും അഫിലിയേഷൻ/റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനായി ഇനിയും കുറവുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് തഴെ പറയുന്ന മാതൃകാഫോറത്തിൽ (പ്രൊഫോർമ I, II) തയ്യാറാക്കി അയച്ചു തരേണ്ടതാണ്. അതോടൊപ്പം ടി ഉപകരണങ്ങൾ ഡി.ജി.ഇ.റ്റി.യുടെ സിലബസ് പ്രകാരമുള്ളതാണെന്ന് ഉറപ്പു വരുത്തി, ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടി മാർക്കറ്റിൽ ടി ഉപകരണത്തിന് എത്ര തുക വേണ്ടി വരും എന്നുമുള്ള വിവരങ്ങൾ താങ്കൾ വ്യക്തമായി ബോധ്യപ്പെട്ടതിനുശേഷം തയ്യാറാക്കി അയച്ചു തരേണ്ടതാണ്. മാർക്കറ്റുവില നിശ്ചയിയ്ക്കേണ്ടത് ബന്ധപ്പെട്ട ട്രേഡിലെ എക്സ്പേർട്ട് തന്നെ ആയിരിക്കണം. ടിയാൻ ആവശ്യമെങ്കിൽ ടി ഐറ്റങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനവുമായി ബന്ധപ്പെടുകയോ അല്ലായെങ്കിൽ സപ്ളെ ചെയ്യുന്ന ഏജൻസിയുമായി ബന്ധപ്പെടുകയോ ചെയ്തതിനുശേഷം ടി തുക വെബ്സൈറ്റിൽ ചെക്ക് ചെയ്ത് ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ ടി തുക മാതൃകാഫോറത്തിൽ രേഖപ്പെടുത്താവു.

നിലവിൽ ആവശ്യമായ സ്ഥല സൗകര്യമില്ലാതെ വളരെ വിലപിടിപ്പുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ അയക്കുമ്പോൾ ഇവ ലഭ്യമാകുന്ന അവസരത്തിൽ യന്ത്രോപകരണങ്ങൾ യഥാസ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കും. ആയതിനാൽ നിലവിലുള്ള സ്ഥലത്ത് അഫിലിയേഷൻ/ റീ-അഫിലിയേഷൻ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിച്ച് ട്രെയിനികളുടെ പരിശീലനത്തിന് നൽകുവാൻ കഴിയുമെങ്കിൽ അത്തരത്തിലുള്ള ഉപകണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ മാതൃകാഫോറം I, II എന്നിവയിൽ 30.04.2015 നു മുൻപ് ഡയറക്ടറേറ്റിൽ അയച്ചു തരേണ്ടതാണ്. ടി ശുപാർശയുടെ ഒരു പകർപ്പ് സി.ഡി.യിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള എക്സൽ ഫോർമാറ്റിൽ ഉൾപ്പെടുത്തി അയച്ചു തരേണ്ടതുമാണ്. 2015-2016 സാമ്പത്തിക വർഷത്തെ പർച്ചേസ് പ്രൊപ്പോസൽ അയക്കുന്ന അവസരത്തിൽ താങ്കൾ സ്റ്റോക്കിലെ സ്റ്റോക്കും സ്റ്റോറും പരിശോധിച്ചതിനുശേഷം മാത്രമേ കുറവുള്ള ഉപകരണങ്ങളുടെ വിശദാംശം മാതൃകാ ഫോറത്തിൽ രേഖപ്പെടുത്തേണ്ടതുള്ളു.

ഉപകരണ സംഭരണം ആവശ്യമുള്ള പല ഐ.ടി.ഐ കളിൽ നിന്നും കൃത്യതയോടും വ്യക്തതയോടും കൂടി സമയബന്ധിതമായി ശുപാർശകൾ ലഭിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ സംഭരണ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ആയതിനാൽ 30.04.2015 ന് ശേഷം ലഭിക്കുന്ന ശുപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ താങ്കൾ അടിയന്തിര പ്രാധാന്യം നൽകി സമയബന്ധിതമായി ശുപാർശ അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അഫിലിയേഷൻ/ റീ അഫിലിയേഷൻ ലഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാളിനു മാത്രമായിരിക്കും.

2014-2015 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള വിതരണ ഉത്തരവിലെ ഐറ്റങ്ങൾ പ്രൊഫോർമ I, II എന്നിവയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.

2014-2015 സാമ്പത്തിക വർഷത്തിൽ നല്കിയിട്ടുള്ള വിതരണ ഉത്തരവിന്റെ വിശദവിവരം മാതൃക ഫോം III ൽ ഉൾപ്പെടുത്തി അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എസ്.എച്ച് 6/4/15

പ്രൊഫോർമ I

**അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്)**

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്............................

| Sl.No | Name of Item as per Syllabus | Quantity required as per syllabi | Quantity available as per stock register | Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|
| | | | | | | Total | |

പ്രൊഫോർമ II

**റീ-അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്)**

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്............................

| Sl.No | Name of Item as per Syllabus | Quantity required as per syllabi | Quantity available as per stock register | Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|
| | | | | | | Total | |

പ്രൊഫോർമ III

## 2014-2015 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയതിന്റെ വിശദാംശം

ഐ.ടി.ഐ യുടെ പേര്..................

| ക്രമ നമ്പർ | വിതരണ ഉത്തരവ് നമ്പർ തീയതി | കമ്പനി യുടെ പേര് | ആകെ തുക | കമ്പനി 01.04.15 ന്മുമ്പ് തൃപ്തി കരമായി വിതരണം ചെയ്തിട്ടുണ്ടോ | 01.04.15 നു മുൻപ് തുക മാറി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുക | കമ്പനി ഇതു വരെ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതിന്റെയും/അപാകതയുളളതിന്റെയും തുക | വിതരണ ഉത്തരവ് ലഭിച്ചതിനു ശേഷം താങ്കൾ ടി ഐറ്റം സംഭരിക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | Total. | | Total....... | Total....... | | |

പ്രിൻസിപ്പാൾ

എസ്.എച്ച് 6/4/15